പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 392 — 11.12.2012-ൽ മറുപടിയ്ക്ക്

# എല്ലാ വീടുകളിലും വൈദ്യുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിരുന്ന എല്ലാ വീടുകളിലും വൈദ്യുതി എന്ന പദ്ധതി ഇപ്പോഴും നടപ്പിലാക്കി വരുന്നുണ്ടോ ; | (എ) 2008-2009 സാമ്പത്തിക വർഷത്തിൽ തുടക്കം കുറിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽപ്പെടുത്തി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷവും കണക്ഷനുകൾ നൽകിയിരുന്നു.<br><br>ഗ്രാമീണ ഭവനങ്ങളുടെ വൈദ്യുതീകരണം ലക്ഷ്യമാക്കി ആരംഭിച്ച ആർ. ജി. ജി. വി. വൈ പദ്ധതി ഇപ്പോൾ കേരളത്തിൽ നടപ്പിലായി വരികയാണ്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടം ഇടുക്കി ജില്ലയിൽ പൂർത്തികരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി വടക്കൻ കേരളത്തിലെ ആറു ജില്ലകളിൽ ടേൺ കീ അടിസ്ഥാനത്തിൽ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ ഈ പദ്ധതി ബോർഡ് തന്നെ ഏറ്റെടുത്ത് നടത്തുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.<br><br>രാജീവ്ഗാന്ധി വൈദ്യുതീകരണ പദ്ധതിയുടെ ഫണ്ടും ബോർഡിന്റെ തനത് ഫണ്ടും ഉപയോഗിച്ച് കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ഈ സർക്കാർ അധികരത്തിൽ വന്നതിനു ശേഷം എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകി എന്ന് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതികളായ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രകാരവും, ബോർഡിന്റെ തനതു ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയിലും ഉൾപ്പെടുത്തി നൽകിയ ഗാർഹിക വൈദ്യുതി കണക്ഷനുകളുടെ എണ്ണം ജില്ല തിരിച്ച് താഴെകൊടുത്തിരിക്കുന്നു. |

| ക്രമ നമ്പർ | ജില്ല | കണക്ഷനുകളുടെ എണ്ണം. |
|---|---|---|
| 1 | തിരുവനന്തപുരം | 8199 |
| 2 | കൊല്ലം | 6261 |
| 3 | പത്തനംതിട്ട | 2435 |
| 4 | കോട്ടയം | 4624 |
| 5 | ആലപ്പുഴ | 4735 |
| 6 | എറണാകുളം | 3204 |
| 7 | ഇടുക്കി | 3643 |
| 8 | പാലക്കാട് | 9074 |
| 9 | തൃശ്ശൂർ | 4786 |
| 10 | വയനാട് | 9106 |
| 11 | മലപ്പുറം | 22070 |
| 12 | കോഴിക്കോട് | 15214 |
| 13 | കണ്ണൂർ | 10442 |
| 14 | കാസർഗോഡ് | 7268 |

സെക്ഷൻ ഓഫീസർ.